പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3718 — 30.01.2014-ൽ മറുപടിയ്ക്ക്

## 'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാം'

**ചോദ്യം**

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.സണ്ണി ജോസഫ്

(എ) 'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാമി'ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രാവർത്തികമാക്കുന്നത് ; വിശദാംശങ്ങളെന്തെല്ലാം ;

**മറുപടി**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ) & (ബി) കേരളത്തിൽ മുഴുവൻ ജനതയ്ക്കും സമ്പൂർണ്ണ കായികക്ഷമത കൈവരിക്കുക എന്നത് ലക്ഷ്യമാക്കി നടത്തിവരുന്ന ഒരു ശാസ്ത്രീയ കായിക ക്ഷമതാ പദ്ധതിയാണ് സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി.

വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. അനുയോജ്യമായ കായിക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹൃദയ-ശ്വസനക്ഷമതാ പരിപാടികളിൽ, പങ്കെടുക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടേയും കൗമാരക്കാരുടേയും അനുപാതം 90%-ൽ അധികമാക്കുക.
2. ദിവസേനയുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടേയും കൗമാരക്കാരുടേയും അനുപാതം 60% -ൽ അധികമായി ഉയർത്തുക.
3. കുട്ടികളുടേയും കൗമാരക്കാരുടേയും ആരോഗ്യ സംബന്ധമായ കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം സ്ഥാപിക്കുക. 9 നും 17 നും ഇടയ്ക്കു പ്രായമുള്ള 100% കുട്ടികളും ഇത്തരം പരിശോധനാ പരിപാടിയിൽ പങ്കെടുക്കുന്നു എന്നുറപ്പുവരുത്തുക.
4. സ്കൂൾ കുട്ടികളുടെ ആരോഗ്യ സംബന്ധമായ കായികക്ഷമത ശാസ്ത്രീയമായും, വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം വികസിപ്പിക്കുക.
5. കായികക്ഷമത ആവശ്യമുള്ള അവസരങ്ങളിൽ ഔദ്യോഗികമായി അംഗീകാരം നേടുന്നതിന് പ്രചോദനം നൽകുന്ന വിധം ഗ്രേഡിംഗ് രീതി വികസിപ്പിക്കുക.

6. ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള നിലവാരത്തിന് താഴെയുള്ളവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.
7. വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ ടീച്ചേഴ്സ് ഗൈഡും, ദൃശ്യസഹായികളും വികസിപ്പിച്ചെടുക്കുക.

(സി) പദ്ധതിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

(സി) & (ഡി) പദ്ധതിയുടെ ഭാഗമായി നടത്തിയ കായികക്ഷമത പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുട്ടികളിൽ കായികക്ഷമതാ നിലവാരം മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പദ്ധതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പരിശോധന നടത്തുന്നതുമായി സഹകരിക്കുന്നതിൽ സ്കൂൾ അധികൃതരുടെ താല്പര്യക്കുറവ്.
2. മേൽ പറഞ്ഞ കാരണങ്ങളാൽ എല്ലാ സ്കൂളുകളിലും തുടർച്ചയായി പരിശോധന നടത്താനാകുന്നില്ല.
3. ഒന്നാം ഘട്ട പരിശോധന നടത്തുന്നതിലും, ഫലം അപ് ലോഡ് ചെയ്യുന്നതിലുമുള്ള വീഴ്ചകൾ

മേൽപറഞ്ഞ കാര്യങ്ങൾ പരിഹരിച്ചുകൊണ്ട് കൂടുതൽ സ്കൂളുകളിൽ പരിശോധന കൃത്യമായും, സമയബന്ധിതമായും നടത്തി ശരിയായ വിവരശേഖരണം ഉറപ്പാക്കുന്നതിന് നടപടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കായികക്ഷമത കുറയുന്നതിന് കായിക വിനോദങ്ങളിൽ ഏർപ്പെടാത്തതും കായിക വിദ്യാഭ്യാസം ലഭിക്കാത്തതും കാരണമാകയാൽ യു.പി തലം മുതൽ ഹയർ സെക്കന്ററിതലം വരെ സ്കൂളുകളിൽ ആവശ്യമായ കായികാദ്ധ്യാപകരെ നിയമിക്കേണ്ടതുമാണ്.

സെക്ഷൻ ഓഫീസർ